ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളിലെ തസ്തികകൾ

47 [1623] ശ്രീ. എ. സി. ഷണ്മുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകളിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര വീതമാണ് എന്നും ഇതിൽ ഒഴിവുള്ള തസ്തികകൾ എത്ര എന്നും വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം ഉണ്ട് എന്ന് അറിയിക്കുമോ;

(സി) ഈ ഓരോ പോലീസ് സ്റ്റേഷനിലും എത്ര പോലീസുകാർക്ക് ക്വാർട്ടേഴ്സ് ഉണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി പോലീസ് സ്റ്റേഷൻ

അനുവദിക്കപ്പെട്ട തസ്തികകൾ:

എസ്.ഐ.	..	2
എ.എസ്.ഐ.	..	2
എച്ച്.സി.	..	10
ഡബ്ല്യു.എച്ച്.സി.	..	1
പി.സി.	..	29
ഡബ്ല്യു.പി.സി.	..	4

ഒഴിവുകൾ:

പി.സി.	..	3
ഡബ്ല്യു.പി.സി.	..	1

അത്തോളി പോലീസ് സ്റ്റേഷൻ

അനുവദിക്കപ്പെട്ട തസ്തികകൾ:

എസ്.ഐ.	..	1
എ.എസ്.ഐ.	..	2
എച്ച്.സി.	..	5
പി.സി.	..	20

ഒഴിവുകൾ:

എ.എസ്.ഐ.	..	1
പി.സി.	..	2

LIBRARY ARCHIVES Kerala Legislative Assembly

എലത്തൂർ പോലീസ് സ്റ്റേഷൻ

അനുവദിക്കപ്പെട്ട തസ്തികകൾ:

എസ്.ഐ.	. .	1
എ.എസ്.ഐ.	. .	2
എച്ച്.സി.	. .	9
പി.സി.	. .	25
ഡബ്ല്യു.എച്ച്.സി.	. .	1
ഡബ്ല്യു.പി.സി.	. .	4

ഒഴിവുകൾ:

എച്ച്.സി.	. .	1
പി.സി.	. .	1
ഡബ്ല്യു.പി.സി.	. .	2

(ബി) ബാലുശ്ശേരി, അത്തോളി, എലത്തൂർ പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്.

(സി) ബാലുശ്ശേരി പോലീസ് സ്റ്റേഷനിൽ

എസ്.ഐ. ക്വാർട്ടേഴ്സ്	. .	1
എച്ച്.സി. ക്വാർട്ടേഴ്സ്	. .	2
പി.സി. ക്വാർട്ടേഴ്സ്	. .	8

എന്നിങ്ങനെ 11 ക്വാർട്ടേഴ്സുകൾ ഉണ്ട്. അത്തോളി പോലീസ് സ്റ്റേഷനിൽ ക്വാർട്ടേഴ്സ് ഒന്നുംതന്നെയില്ല. എലത്തൂർ പോലീസ് സ്റ്റേഷനിൽ 12 ക്വാർട്ടേഴ്സുകൾ ഉണ്ട്.

പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

48 [1624] ശ്രീമതി മാമ്പേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം എത്ര ശതമാനമാണ്;

(ബി) സംസ്ഥാന പോലീസിലെ സബ് ഇൻസ്പെക്ടർ തുടങ്ങിയ ഉയർന്ന തസ്തികകളിൽ വനിതകളെ നേരിട്ട് നിയമിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പോലീസ് സർവീസിൽ എല്ലാ തസ്തികകളിലും കൂടി എത്ര വനിതകളുണ്ടെന്ന് തരംതിരിച്ച് ലിസ്റ്റ് സഹിതം വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly